പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1719 05/12/2014-ൽ മറുപടിയ്ക്ക്

## ഹരിതഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ബഷീർ | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കൃഷി വകുപ്പിന് കീഴിൽ ഹരിത ഗ്രാമം പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; | എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള നോഡൽ ഏജൻസിയായി മാതൃകാ ഹൈടെക് ഹരിതഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി 2013-14 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകി ആരംഭിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി ഇപ്പോൾ എവിടെയെല്ലാമാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | ബി) ഒരു ജില്ലയിൽ ഒരു പഞ്ചായത്ത് എന്ന കണക്കിൽ 14 മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ സ്ഥാപിക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ, കൊല്ലം ജില്ലയിൽ പെരിനാട്, പത്തനംതിട്ട ജില്ലയിൽ ഇരവിപേരൂർ, ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം സൗത്ത്, കോട്ടയം ജില്ലയിൽ വാഴൂർ, ഇടുക്കി ജില്ലയിൽ കാമാക്ഷി, എറണാകുളം ജില്ലയിൽ മൂക്കന്നൂർ, തൃശ്ശൂർ ജില്ലയിൽ താന്നിയം, പാലക്കാട് ജില്ലയിൽ അഗളി, മലപ്പുറം ജില്ലയിൽ പുലാമന്തോൾ, കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി, വയനാട് ജില്ലയിൽ തിരുനെല്ലി, കണ്ണൂർ ജില്ലയിൽ പെരിങ്ങോം വയക്കര, കാസറഗോഡ് ജില്ലയിൽ മൊഗ്രൽ പുത്തൂർ എന്നീ 14 ഗ്രാമപഞ്ചായത്തുകളാണ് പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്തിട്ടുള്ളത്. മാണിക്കൽ പഞ്ചായത്തിൽ പദ്ധതിക്ക് തുടക്കമിട്ടു. |
| സി) ഹരിത ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ? | സി) തിരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിലും ഹൈടെക് കൃഷി രീതി അവലംബിച്ച് സുരക്ഷിതമായ പച്ചക്കറിയുടെ ഉത്പാദനവും, ഉത്പാദനക്ഷമതയും |

ഉറപ്പ് വരുത്തുക, എല്ലാ വീടുകളിലും സൗരോർജ്ജ പാനൽ, മഴവെള്ള സംഭരണി, ഉറവിട മാലിന്യ സംസ്കരണ യൂണിറ്റുകൾ എന്നീ പദ്ധതികൾ നടപ്പിലാക്കി അതുവഴി പരിസ്ഥിതി സംരക്ഷണം ഉറപ്പ് വരുത്തുക, വാഴ, പച്ചക്കറി എന്നിവയുടെ കൃഷി വ്യാപിപ്പിക്കുക, ഭക്ഷ്യ സുരക്ഷ, ജല സുരക്ഷ, ഊർജ്ജ സുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവ ഉറപ്പ് വരുത്തുക, വൃത്തിയുള്ള പരിസ്ഥിതി-സൗഹൃദ ആവാസവ്യവസ്ഥ ഉറപ്പുവരുത്തുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സ്ത്രീ ശാക്തീകരണം, കർഷക സമൂഹത്തിന്റെ ആദായം വർദ്ധിപ്പിക്കുക, അവരുടെ ജീവിത നിലവാരം ഉയർത്തുക, തിരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിനെയും ഓരോ മാതൃകാ ഹൈടെക് ഹരിതഗ്രാമങ്ങൾ ആക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

**സെക്ഷൻ ഓഫീസർ**